بسم الله الرحمن الرحيم
الحمد لله رب العالمين وصلى الله وسلم على سيدنا محمد وعلى آله وصحبه أجمعين

സാദരം എ.പി, ഇ.കെ, വിഭാഗം സുന്നി പ്രവർത്തകർ അറിയേണ്ടതിലേക്ക്,
السلام عليكم ورحمة الله وبركاته !!!

കുറെ നാളുകളായി നെററിലൂടെയും കവലകളിലൂടെയും തിരു നബി صلى الله عليه وسلم യുടെ തിരുകേശത്തെ വിഷയമാക്കി വാഗ്വാദങ്ങൾ നടത്തുന്നു. വാശിയും വീറും കൂടി അത് കുഫ്രിയ്യത്തിലേക്ക് എത്തുന്ന അതി മോശമായ ഒരവസ്ഥ യിലാണിന്നെത്തിപ്പെട്ടിരിക്കുന്നത്. ദയവായി രണ്ടു വിഭാഗത്തിനോടും ദീനുൽ ഇസ്ലാമിൻെറ പേരിൽ ചിലത് കുറിക്കട്ടെ,

## ആദ്യമായി സമാദരണീയരായ ഇ.കെ. വിഭാഗം സുന്നികളോട് പറയാനുള്ളത്:

സമൂഹത്തിൽ ആദരവുള്ളവരും അനേകായിരം അണികളുള്ളവരും വിശുദ്ധ സുന്നത്ത് ജമാഅത്തിൻെറ വിശ്വാസം വെച്ചുപുലർത്തുന്നവരുമാണ് നിങ്ങൾ. (അല്ലാഹു നമ്മെ സ്വീകരിക്കട്ടെ,) അറിവുള്ളവരും പണ്ഡിതരും ചെയ്യേണ്ടുന്ന ഒരു പണിയല്ല ഇപ്പോൾ നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്.

തെളിവുകൾ നിരത്തി വാദപ്രതിവാദങ്ങൾ നടത്തേണ്ടുന്ന ഒരു വിഷയമല്ല ഇപ്പോഴത്തെ ഈ വിവാദം. നാം ചെറിയ, ചെറിയ കിതാബുകളിൽ പഠിച്ചതാണ് بديهيات നും مسلمات നും തെളിവുകളുടെ ആവശ്യമില്ലന്നത്. نظريات ന് മാത്രമേ തെളിവ് പറയേണ്ടതുള്ളൂ.

ചിന്തിച്ചുനോക്കൂ: വിശുദ്ധ കഅ്ബാലയത്തിലുള്ള ഹജറുൽ അസ്വദ്, തിരു നബി صلى الله عليه وسلم യുടെ കാലത്തുള്ള ഹജറുൽ അസ്വദ് അതേ രൂപത്തിൽ ഇന്നവിടെയില്ല. മറിച്ച് എട്ടോളം പൊട്ടും പൊടിയുമാണ് ആ സ്ഥലത്തുള്ളത് ഹി. 300 കളിൽ ഖറാമിഥി കൊള്ളയടിച്ചുകൊണ്ട് പോയതായിരുന്ന ആ വിശുദ്ധ കല്ല്. പിന്നീട് വർഷങ്ങൾക്ക് ശേഷം തിരിച്ചു കിട്ടിയെന്നും അത് മത്വാഫിൽ വീണ് പൊട്ടിയെന്നും അതിലെ വലിയ 8 കഷ്ണങ്ങളാണ് ഇന്ന് ഹജറുൽ അസ്വദായി ഉള്ളതെന്നുമാണ് ചരിത്രം. വല്ല സനദും അതിനുണ്ടോ? പക്ഷെ അത്യാദരവോടെ നാം അതിനെ മുത്തുകയും ആദരിക്കുകയും ചെയ്യുന്നു. അത് നമ്മുടെ വിശ്വാസമാണ്.

മറെറാന്ന് സംസം, ഇക്കാലത്ത് ഹാജിമാർക്ക് എയർപോർട്ടിൽ വെച്ചാണ് സംസമിൻെറ കാൻ വിതരണം ചെയ്യുന്നത് അത് സംസം തന്നെയാണെന്നതിന് വല്ല സനദുമുണ്ടോ? പക്ഷെ നാമതിനെ ആദരിക്കുകകയും പുണ്യം കാംക്ഷിക്കുകയും ചെയ്യുന്നു. വിശ്വാസമാണത്.

ഒരു ഹാജി ഇത് സംസമാണെന്ന് പറഞ്ഞു തന്നാൽ നാമത് അത്യാദരപൂർവ്വം വാങ്ങി കുടിക്കുകയും ബാക്കിയുള്ളത് ശരീരത്തിൽ പുരട്ടുകയും ചെയ്യുന്നു. അവിടെ നാം സനദ് ചോദിക്കാറില്ല. അതിൻെറ ആവശ്യവുമില്ല. ചോദിച്ചാൽ അത് മര്യാദക്കേടാണ്.

നാം ഹജ്ജ് വേളയിലും മററും തിരു നബി صلى الله عليه وسلم യ്ക്ക് നുബുവ്വത്ത് ലഭിച്ച ഹിറാ പർവ്വതത്തിലെ ഗുഹയിലും ഹിജ്റ വേളയിൽ ഒളിഞ്ഞിരുന്ന സൗറ്

ഗുഹയിലും സന്ദർശനം നടത്താറുണ്ട്. സനദുണ്ടായിട്ടാണോ അത് ചെയ്യുന്നത്. ഇത്തരം ആത്മീയമായ കുറെ مسلمات (മനസ്സ് സമ്മതിക്കുന്നവ) കളുണ്ട് അവയ്ക്കാരും തെളിവ് ചോദിക്കാറില്ല. വിശ്വാസമുള്ളവർ അത് ആദരിക്കുന്നു പുണ്യം നേടുന്നു.

അറഫാ ദിവസം ദുൽ ഹജ്ജ് 9-നാണെന്ന് എല്ലാവർക്കുമറിയാം. അത് ഒമ്പതിന് പകരം പിഴച്ച് ഹാജിമാർ 10 ന് അറഫയിൽ ഒരുമിച്ചുകൂടിയാൽ അറഫ ശരിയാകുമെന്ന് ഇമാമുകൾ പറഞ്ഞതായി കാണാം. അപ്പോൾ ഓരാൾ സംസമല്ലാത്തതിനെ സംസമായി മനസ്സിലാക്കി കുടിച്ചാൽ അത് ഒരു പാതകമാകുകയില്ല.

ഇത്ര മാത്രമേ ഈ വിവാദ മുടിയെ കുറിച്ച് നാം മനസ്സിലാക്കേണ്ടതുള്ളൂ.

വന്ന്യരായ നെല്ലിക്കുത്ത് ഉസ്താദ് (نور الله مرقده) മർകസിലുള്ള മുടിക്ക് നിഴലില്ലന്ന് ഉറപ്പ് വരുത്തിയവരിലൊരാളാണ്. അത് ഞാൻ നേരിട്ട് ചോദിച്ചറിഞ്ഞതാണ്.

മാത്രമല്ല ഈ മുടിയുടെ ഉറവിടം അൻസാരികളായ സ്വഹാബാക്കളിലെ ഖസ്റജി കുടുംബത്തിൽ പെട്ട ഒരു മഹാന്റെ പക്കൽ നിന്നാണ് കിട്ടിയതെന്നത് ഒരു വിശ്വാസിക്ക് (ചുരുങ്ങിയത് എ.പി സുന്നികൾക്കെങ്കിലും) വിശ്വസിക്കാൻ പററിയ മാനദണ്ഡമാണ്.

ഇവിടെ നാം അടിവരയിട്ട് മനസ്സിലാക്കേണ്ടുന്ന ഒരു ഹദീസ് കാണുക, ഇമാം മുസ്‌ലിം رحمه الله യാണ് അത് റിപ്പോർട്ട് ചെയ്യുന്നത്:

**عن أَنَس بن مالِكٍ رضي الله عنه، قَالَ: لَمّا رمى رسولُ اللّهِ صلى الله عليه وسلم الْجمرةَ. ونَحر نُسكه وحلَقَ. نَاولَ الْحالِقَ شِقّه الأيمن فَحلقَه. ثُمّ دعا أَبا طَلْحةَ الأَنْصاريّ فَأعطاه إِيّاه. ثُمّ نَاوله الشِّقّ الأيسر. فَقَالَ: «احلِقْ» فَحلقَه. فَأعطاه أَبا طَلْحةَ. فَقَالَ: «اقْسِمه بين النّاس». (صحيح مسلم ٣١٠٩)**

“അനസ് رضي الله عنه ൽ നിന്നും റിപ്പോർട്ട് തിരു നബി صلى الله عليه وسلم ജംറത്തുൽ അഖബയെ എറിയുകയും ഹദ്‌യ് അറുത്തുകൊടുക്കുകയും ചെയ്തതിനു ശേഷം തന്റെ മുടി കളഞ്ഞു, ആദ്യം തലയുടെ വലതു ഭാഗത്തെ മുടി നീക്കാൻ കൽപിച്ചു അങ്ങിനെ മുടികളയുന്നയാൾ വലതുഭാഗത്തെ മുടി കളഞ്ഞു ശേഷം അബൂ ത്വൽഹതുൽ അൻസാരി رضي الله عنه നെ വിളിച്ചു ഈ മുടി മുഴുവനും അവർക്ക് കൊടുത്തു. ശേഷം ഇടതു ഭാഗം കളയാൻ കൽപിച്ചു അതും കളഞ്ഞു ആ മുടിയും അബൂ ത്വൽഹതുൽ അൻസാരി رضي الله عنه ന് നൽകുകയും അത് ജനങ്ങൾക്ക് വിതരണം നൽകാൻ പറയുകയും ചെയ്തു (മുസ്‌ലിം 3109)

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന ചില കാര്യങ്ങളുണ്ട്:

ഒന്ന്: വലതുഭാഗത്തുള്ള മുടി മുഴുവനും (പതിനായിരക്കണക്കിന് മുടിയുണ്ടാവുമെന്നത് പറയേണ്ടതില്ലല്ലോ) അബൂ ത്വൽഹത്തുൽ അൻസാരി رضي الله عنه ന് സ്വന്തമായാണ് കൊടുത്തത്. അവർ അൻസാരിയുമാണ് ആ മുടിക്കെട്ട് അൻസാറുകളിൽ നിലനിൽക്കുന്നതിന് യാതൊരു തടസ്സവുമില്ല. അൻസാരി കുടുംബത്തിൽ പെട്ട ഖസ്റജിയുടെ കയ്യിൽ എത്തുന്നതിനും തടസ്സമില്ല.

രണ്ട്: തിരു നബി صلى الله عليه وسلم ജീവിതത്തിൽ മൂന്നോ നാലോ പ്രാവശ്യം മാത്രമാണ് മുടി കളഞ്ഞത്. ചുമൽ വരെ നീണ്ടു നിൽക്കുന്ന മുടി

തിരു നബി صلى الله عليه وسلم യ്ക്ക് ഉണ്ടായിരുന്നു എന്നതും ഹദീസുകളിലുണ്ട്. അപ്പോൾ വലിയ നീളമുള്ള മുടികൾ തന്നെ യുണ്ടാവുന്നതിന് യാതൊരു തടസ്സവുമില്ല.

മൂന്ന്: ഹിജ്റക്കു ശേഷം ആദ്യമായി അവിടുന്നു മുടി കളയുന്നത് ആറു വർഷത്തിനു ശേഷം ഉംറക്കു വന്നപ്പോൾ ഹുദൈബിയയിൽ വെച്ചാണ് ആ മുടിയുടെ നീളം എത്രയുണ്ടാകുമെന്ന് ഊഹിക്കാമല്ലോ?

നാല്: മുടി നീട്ടി വളർത്തിയ പല പ്രസിദ്ധ സ്വഹാബാക്കളെയും കാണാം

ഇത്തരം സാദ്യതകളൊക്കെയുള്ളതുകൊണ്ടും തിരു നബി صلى الله عليه وسلم യുടെ തിരുശേഷിപ്പിനെ നിന്ദിക്കാനും അറിവില്ലാത്ത സാധരണ ജനങ്ങൾ റോട്ടിലിറങ്ങി തിരുനബി صلى الله عليه وسلم യെയും അവിടുത്തെ ശേഷിപ്പുകളെയും പരിഹസി ക്കുകയും നിസ്സാരമാക്കുകയും ചെയ്യുന്ന അതി ദയനീയവും അപകടകരവുമായ അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുന്നതു കൊണ്ടും ദയവായി ഈ ചർച്ച നിങ്ങൾ അവസാനിപ്പിക്കുക. മറുപടി പ്രസംഗങ്ങളും നെററുകളിലൂടെയുമായുള്ള ഈ വിഷയകമായ എല്ലാ പരിപാടികളും നിർത്തിവെക്കുക.

നിങ്ങൾക്കതിൽ വിശ്വാസമില്ലങ്കിൽ നിങ്ങളത് കാണാനോ പുണ്യമെടുക്കാനോ പോകേണ്ടതില്ല. ശപിക്കപ്പെട്ട ഇബ്‌ലീസിനെ പോലും ജീവിതത്തിൽ ഒരിക്കലും ശപിച്ചില്ലങ്കിൽ നമ്മേ അല്ലാഹു ചോദ്യം ചെയ്യുകയില്ല. പക്ഷെ ആദരിക്കേണ്ടതിനെ ആദരിച്ചില്ലങ്കിലുള്ള പ്രത്യാഘാതം നിങ്ങൾക്ക് പറഞ്ഞുതരേണ്ടതില്ല. നിങ്ങളിൽ പെട്ട ആരെങ്കിലും അതിൻെറ പേരിൽ നിർമ്മിക്കുന്ന പള്ളിക്ക് കാശു കൊടുത്തിട്ടുണ്ടങ്കിൽ അത് തിരിച്ചു വാങ്ങാവുന്നതുമാണ്.

എ.പി ഉസ്താദിനോടോ അണികളോടോ കോഴിക്കോട് വരുന്ന പള്ളിയോടോ വിദ്യാഭ്യാസ സ്ഥാപനത്തോടോ വല്ല അസൂയയും എതിർപ്പുമുണ്ടങ്കിൽ അവയെ സംഘടനാപരമായി നേരിടുക.

## എ.പി വിഭാഗത്തിനോട്:

ബഹു വന്ദ്യരായ എ.പി ഉസ്താദിന് കിട്ടിയ ഈ തിരുകേശം ഒറിജിനലും എല്ലാ ആദരവുമുള്ളതാണെന്നും വിശ്വാസിക്കുന്നവരാണ് നിങ്ങൾ. (ഞാനും വിശ്വസി ക്കുന്നത് അതു തന്നെയാണ്). നാം നല്ലവരായി വിശ്വസിക്കുന്ന, ആദരിക്കുന്ന ഒരു പണ്ഡിതനിൽ നിന്നാണ് കിട്ടിയത് എന്നതു തന്നെ മതി അതിന്നു തെളിവ്. തിരു നബി صلى الله عليه وسلم യുടെ പേരിൽ ഒരു പച്ചക്കളവ് പറഞ്ഞ് ജനങ്ങളെ പററിച്ചാൽ നാളെ രക്ഷപ്പെടില്ലന്ന് വിശ്വാസിക്കുന്ന ഒരു ആദരണീയനായ മനുഷ്യ നാണ് ഖസ്റജി, ഏററു വാങ്ങിയ വന്ദ്യരായ ഉസ്താദും ആ വിശ്വാസക്കരനാണ്. നമുക്ക് അതു തന്നെ മതി തെളിവായി. ഇത് നാം ലോകത്തോട് മർകസ് സമ്മേ ളനത്തിലും മററും പറയുകയും ചെയ്തു. ഇവ്വിഷയകമായി ആവശ്യത്തിലു മപ്പുറമുള്ള ഒരു വിശദമായ പ്രസംഗം വന്ദ്യരായ പേരോടുസ്താദിൻെറത് നടക്കുകയും ചെയ്തു. ഇനി അത് കത്തിച്ചു കാണിച്ചുകൊടുക്കേണ്ടുന്നയോ കവലപ്രസംഗങ്ങൾ നടത്തേണ്ടുന്നയോ മറുപടിക്ക് മറുപടി പ്രസംഗങ്ങൾ നടത്തേണ്ടുന്നയോ ആവശ്യമില്ല.

മറുപടിക്ക് മറുപടി പ്രസംഗങ്ങൾ കവലകൾതോറും നടത്തി സ്ഥാപിക്കേണ്ടുന്ന ഒരു കാര്യമല്ലയിത്. ഇത് വളരെ ഗൗരവമേറിയ വിഷയമാണ് തിരു നബി صلى الله

عليه وسلم യുടെ തിരുശേഷിപ്പുകളെ നടു റോട്ടിലിട്ട് പിച്ചിച്ചീന്താൻ നമ്മുടെ പ്രസംഗങ്ങളോ വാക്കുകളോ എഴുത്തുകളോ ഒരിക്കലും കാരണമായിക്കൂടാ. രണ്ട് കൈകൾ തമ്മിൽ കൊട്ടിയാലേ ശബ്ദമുണ്ടാവൂ. നാം മറുപടി പറയാതെ താൽക്കാലികമായി തോററുകൊടുക്കുകയും ക്ഷമിക്കുകയും ചെയ്താൽ അവസാന വിജയം നമുക്കായിരിക്കുമെന്നോർക്കുക. ദയവായി മറുപടിയായുള്ള എല്ലാ പ്രസംഗങ്ങളും എഴുത്തുകളും നിർത്തിവെക്കുക. അവർ വഷളായി അവസാനിപ്പിക്കും.

ഞാനോർക്കുകയാണ് നമ്മേ തെറി പറഞ്ഞുകൊണ്ട് മുമ്പ് മുസ്ഥഫൽ ഫൈസിയുടെ അൽ മുബാറക് രംഗത്ത് വെന്നപ്പോൾ വന്ന്യരായ എ.പി ഉസ്താദ് ബുദ്ധിപരാമയ ഒരു തീരുമാനമെടുത്തിരുന്നു. അത് നമ്മുടെ പ്രസീദ്ധീകരണങ്ങളിലൊന്നിലും അതിന് മറുപടി എഴുതരുതെന്നതായിരുന്നു. ആ തീരുമാനം എല്ലാവരും അംഗീകരിക്കുകയും ആരും മറുപടി എഴുതാതിരിക്കുകയും ചെയ്തപ്പോൾ അൽ മുബാറക് മരിച്ചുപോയത് ചരിത്രമാണല്ലോ. അതേ സമയം നാം അതിന് സുന്നിവോയ്സിലോ മറേറാ മറുപടി എഴുതിയിരുന്നുവെങ്കിൽ അതിന്ന് മറുപടിയായി അൽ മുബാറക് എന്തെഴുതുന്നു എന്ന് നോക്കാൻ നാം തന്നെയായിരിക്കും അതിൻെറ കോപികൾ കൂടുതൽ വാങ്ങി ആ പത്രത്തിൻെറ പ്രചാരകരാകുക.

നമ്മുടെ വിജയംതന്നെ മഹാൻമാരെയും മഹത്വമുള്ളവയെ മുഴുവനും ആദരിക്കുന്നതിലൂടെയാണ്. അപ്പോൾ നാം തൽക്കാലം തോററാലും തിരുശേഷിപ്പിനോടുള്ള 'അദബ്' കണക്കിലെടുത്തെങ്കിലും ദയവായി മറുപടി പറയാതിരിക്കുക.

വിശുദ്ധ ഖുർആനിലെ ആയത്ത് നോക്കൂ:

وَلَا تَسُبُّوا۟ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ فَيَسُبُّوا۟ ٱللَّهَ عَدْوًۢا بِغَيْرِ عِلْمٍ ۗ كَذَٰلِكَ زَيَّنَّا لِكُلِّ

أُمَّةٍ عَمَلَهُمْ ثُمَّ إِلَىٰ رَبِّهِم مَّرْجِعُهُمْ فَيُنَبِّئُهُم بِمَا كَانُوا۟ يَعْمَلُونَ ﴿١٠٨﴾

"(ഓ വിശ്വാസികളേ,) വിഗ്രഹാരധകരെയും അവരുടെ ആരാധ്യ വസ്തുക്കളെയുമൊന്നും നിങ്ങൾ ചീത്തപറയരുത്. അത് അറിവില്ലാതെ അവർ അല്ലാഹുവിനെ തെറി പറയാൻ ഇടയാക്കും. നാം സകല വിഭാഗത്തിനും അവരുടെ കർമ്മങ്ങൾ ഭംഗിയാക്കിക്കൊടുത്തിട്ടുണ്ട്. ....... (ആലു ഇംറാൻ 108)

ഈ ഒരവസ്ഥ ഉണ്ടാക്കിക്കൂടാ നാമതിന് കാരണമായിക്കൂടാ, തൽക്കാലം നമുക്കൊരു നിരാശയുണ്ടായാലും നാം തോൽക്കുക അല്ലാഹു നമ്മേ അനുഗ്രഹിക്കും.

ഇന്ന് കല്ല്യാണ സദസ്സിലും ചായക്കടകളിലും നാലാള് കൂടുന്ന മുഴുവൻ സ്ഥലത്തും ചർച്ച ഈ മുടിയെക്കുറിച്ചാണ്. അത് തിരുനബി صلى الله عليه وسلم യുടെ മുടിയാണെന്ന് നാം ഓർക്കുക. നമുക്ക് കളിക്കാനും വാശി തീർക്കാനും മററുള്ളവരെ തോൽപ്പിക്കാനും ആയുധമാക്കാൻ പററിയ ഒരു സാദനമല്ലയിത്.

## നല്ലവരായ മുസ്‌ലിം സാദാരണക്കാരോട്:

പ്രിയപ്പെട്ട നല്ലവരായ എല്ലാ മുസ്‌ലിംകളോടും ഈ എളിയവന് പറയാനുള്ളത് ദയവായി ഈ ചർച്ചകളിൽ പങ്കടുക്കാതിരിക്കുക. കൂടെയുള്ളവർ ഈ ചർച്ച ചെയ്യുമ്പോൾ അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുക. സാധ്യമല്ലങ്കിൽ ആ സ്‌ഥലത്തു നിന്ന് മാറിപ്പൊവുക.

താഴെയുള്ള ഖുർആനായത്ത് ഒന്ന് നോക്കൂ:

وَلَا تَقُولُوا۟ لِمَا تَصِفُ أَلْسِنَتُكُمُ ٱلْكَذِبَ هَـٰذَا حَلَـٰلٌ وَهَـٰذَا حَرَامٌ لِّتَفْتَرُوا۟ عَلَى ٱللَّهِ ٱلْكَذِبَ ۚ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا يُفْلِحُونَ ﴿١١٦﴾ مَتَـٰعٌ قَلِيلٌ وَلَهُمْ عَذَابٌ أَلِيمٌ ﴿١١٧﴾

“അല്ലാഹുവിൻെറ മേൽ കളവ് കെട്ടിച്ചമക്കാൻ ഇന്നത് അനുവദനീയം ഇന്നത് നിഷിദ്ധം എന്ന് പറയാതിരിക്കുക. അല്ലാഹുവിൻെറ മേൽ കളവ് പറയുന്നവർ ഒരിക്കലും രക്ഷപ്പെടുകയില്ല. ഈ ജീവിതം ഏതാനും നാളുകളാകുന്നു അത്തരക്കാർക്ക് കഠിനമായ ശിക്ഷയുണ്ട്”

അല്ലാഹു നമ്മേ കാത്തു രക്ഷിക്കട്ടെ.

എനിക്കറിയാം വലിയ വലിയ പണ്ഡിതൻമാരും ഭക്‌തൻമാരായ അണികളുമുള്ള വിഭാഗങ്ങളാണ് ഏ.പി. ഇ.കെ സുന്നികൾ അവരെ ഉപദേശിക്കാൻ ഈ എളിയവനർഹനല്ലന്നുമറിയാം പക്ഷെ ഇപ്പോൾ സംഗതി എത്തി നിൽക്കുന്നത് വളരെ പേടിപ്പെടുത്തുന്ന അനേകമാളുകളെ ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്തേക്ക് നഴിച്ചേക്കാവുന്ന ഭീകരമായ അവസ്‌തയായതുകൊണ്ട് എഴുതിപ്പോഴതാണ്. അല്ലാഹു സ്വീകരിക്കട്ടെ. അപാകതകളും അപമര്യാദകളും വന്നുപോയെങ്കിൽ എല്ലാവരും ക്ഷമിക്കുക.

ഇമാം റാസി رحمه الله പറഞ്ഞ വാക്കുകളെക്കൊണ്ട് അവസാനിപ്പിക്കട്ടെ:

<u>من ترك الصلاة سنين، أو حبس غيره عن الصلاة سنين لا أكفره، ومن آذى شعرة من شعراتك، أو جزء من نعالك أكفره</u>. (من تفسير الرازي سورة الضحى في تفسير ولسوف يعطيك ربك فترضى)

“വല്ലവനും വർഷങ്ങളോളം നിസ്‌കാരം ഉപേക്ഷിച്ചാലോ അല്ലങ്കിൽ മറെറാരാളെ വർഷങ്ങളോളം നിസ്‌കരിക്കുന്നതിൽ നിന്ന് തടഞ്ഞാലോ അവനെ ഞാൻ കാഫിറായി കാണില്ല. മറിച്ച് തിരു നബിയുടെ ഒരു മുടിയേയോ അവിടുത്തെ ചെരിപ്പിൻെറ ഒരു കഷ്‌ണത്തേയോ ആരെങ്കിലും അപകീർത്തിപ്പെടുത്തിയാൽ അവനെ ഞാൻ കാഫിറായി കാണുന്നു”.

اللهم صلّ على سيّدنا محمدٍ عبدِك ورسولك وصلّ على المؤمِنين والمؤمِناتِ والمسلِمين والمسلِماتِ. وآخر دعوانا أن الحمد لله رب العالمين

**Islamic Bulletin**